**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 150** **04-10-2021 - ൽ മറുപടിയ്ക്ക്**

**ആർദ്രം പദ്ധതിയുടെ ഭാഗമായി ഒറ്റപ്പാലം മണ്ഡലത്തിലെ ആശുപത്രികളിൽ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. പ്രേംകുമാർ** | | **Smt Veena George**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | ആർദ്രം പദ്ധതിയുടെ ഭാഗമായി ഒറ്റപ്പാലം മണ്ഡലത്തിലെ വിവിധ ആശുപത്രികളിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്നറിയിക്കാമോ; | (എ) | ആർദ്രം പദ്ധതിയുടെ ഭാഗമായി ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. ആർദ്രം പദ്ധതി ഒന്നാം ഘട്ടം ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ ശ്രീകൃഷ്ണപുരം പി.എച്ച്.സിയെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്താൻ തിരഞ്ഞെടുക്കുകയും 8,10,000/-(എട്ട് ലക്ഷത്തി പതിനായിരം രൂപ) ചിലവഴിച്ച് ഒ പി കൗണ്ടർ, പ്രീ ചെക്കപ്പ് റൂം, ഫാർമസി നവീകരണം, ലാബ് സൗകര്യം, മുലയൂട്ടൽ റൂം മുതലായ അടിസ്ഥാന സൗകര്യങ്ങളും രോഗീ സൗഹൃദ അന്തരീക്ഷവും സൃഷ്ടിച്ച് സ്ഥാപനം കുടുംബാരോഗ്യകേന്ദ്രമായി പ്രവർത്തിച്ച വരികയാണ്. ആർദ്രം പദ്ധതി മാർഗ്ഗരേഖ പ്രകാരം കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ നൽകി വരുന്ന എല്ലാ സേവനങ്ങളും ടി സ്ഥാപനത്തിൽ നൽകി വരുന്നു. ഇതിനായി ഒരു അസിസ്റ്റന്റ് സർജൻ, രണ്ട് സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ, ഒരു ഫാർമസിസ്റ്റ് എന്നീ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ആർദ്രം പദ്ധതി രണ്ടാം ഘട്ടം ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ പേരൂർ, എലമ്പുലാശ്ശേരി, പൂക്കോട്ടുകാവ് എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്താൻ തിരഞ്ഞെടുക്കുകയും പേരൂർ പി.എച്ച്.സി, എലമ്പുലാശ്ശേരി പി.എച്ച്.സി എന്നീ സ്ഥാപനങ്ങൾക്ക് 15 .5ലക്ഷം രൂപാ വീതവും പൂക്കോട്ടുകാവ് പി.എച്ച്.സിയ്ക്ക് 14 ലക്ഷം രൂപയും ആരോഗ്യകേരളം (NHM) വഴി അനുവദിക്കുകയും അതുവഴി ഒ പി കൗണ്ടർ, പ്രീ ചെക്ക് മുറി, ഫാർമസി നവീകരണം, ലാബ് സൗകര്യം, പ്രത്യേക മുലയൂട്ടൽ റൂം, ഒ പി റൂം നവീകരണം, രോഗീ സൗഹൃദ | |

അന്തരീക്ഷം, എന്നീ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് നിലവിൽ ടി സ്ഥാപനങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളായി പ്രവർത്തിച്ചുവരുന്നു. കൂടാതെ ആർദ്രം പദ്ധതിയുടെ ഭാഗമായി പേരൂർ കുടുംബാരോഗ്യ കേന്ദ്രത്തിന് ഒരു അസിസ്റ്റന്റ് സർജൻ, ഒരു സ്റ്റാഫ് നഴ്സ് എന്നീ തസ്തികകളും പൂക്കോട്ടുകാവ് കുടുംബാരോഗ്യ കേന്ദ്രത്തിന് ഒരു അസിസ്റ്റന്റ് സർജൻ, രണ്ട് സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകളും എലമ്പുലാശ്ശേരി കുടുംബാരോഗ്യ കേന്ദ്രത്തിന് ഒരു സ്റ്റാഫ് നഴ്സ് തസ്തികയും സൃഷ്ടിച്ചിട്ടുണ്ട്. ആർദ്രം പദ്ധതി മൂന്നാം ഘട്ടം ആർദ്രം മൂന്നാം ഘട്ടത്തിൽ കോട്ടപ്പുറം തച്ചനാട്ടുകര, ലക്കിടി എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്താൻ തിരഞ്ഞെടുത്തിട്ടുണ്ട്. കൂടാതെ ഒറ്റപ്പാലം താലൂക്ക് ആശുപത്രിയിൽ ആർദ്രം പദ്ധതിയുടെ ഭാഗമായി ഒ.പി.ഡി ട്രാൻസ്ഫോർമേഷൻ പ്രവർത്തനങ്ങൾക്കായി 12723717/- (ഒരു കോടി ഇരുപത്തി ഏഴ് ലക്ഷത്തി ഇരുപത്തി മൂവായിരത്തി എഴുന്നൂറ്റി പതിനേഴ് രൂപാ മാത്രം) രൂപയുടെ പ്രവൃത്തിയ്ക്ക് അനുമതി നൽകിയിട്ടുണ്ട്. കോവിഡ് -19 പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കു ന്നതിനായി സംസ്ഥാനത്തെ 140 നിയോജക മണ്ഡലങ്ങളിലും ഒന്ന് വീതം ഐസൊലേഷൻ വാർഡ് സ്ഥാപിക്കുന്ന പദ്ധതിയിൽ ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ കടമ്പഴിപ്പുറം സാമൂഹികാരോഗ്യ കേന്ദ്രത്തെ തിരഞ്ഞെടുത്തിട്ടുണ്ട്. ആയതിന്റെ പ്രവർത്തനങ്ങൾ പ്രാരംഭ ഘട്ടത്തിലാണ്. കൂടാതെ ആർദ്രം മിഷൻ, ആരോഗ്യ മേഖലയിൽ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങളും സേവനങ്ങളും നൽകുന്നതിനായി ഓരോ റവന്യൂ ബ്ലോക്കിൽ നിന്നും ഒരു സ്ഥാപനം വീതം തിരഞ്ഞെടുത്ത് ബ്ലോക്ക് തല കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്താൻ തീരുമാനിച്ചതിൽ ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ നിന്നും കടമ്പഴിപ്പുറം സാമൂഹികാരോഗ്യ കേന്ദ്രത്തെയാണ് തിരഞ്ഞെടുത്തിരിക്കുന്നത് ആയതിന് 37.5/-ലക്ഷം രൂപ അനുവദിച്ചിട്ടുമുണ്ട്. പ്രവർത്തനങ്ങൾ ആരംഭ ഘട്ടത്തിലാണ്. കൂടാതെ ഒറ്റപ്പാലം താലൂക്ക് ആശുപത്രി നവീകരണത്തിനായി KIIFB വഴി 13.63 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആർദ്രം മൂന്നാം ഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്താൻ ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ തിരഞ്ഞെടുത്ത പി.എച്ച്.സി, ലക്കിടി, പി.എച്ച്.സി തച്ചനാട്ടുകര, പി.എച്ച് സി കോട്ടപ്പുറം എന്നീ സ്ഥാപനങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി

| | | | |
|---|---|---|---|
| | | | മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ പ്രാരംഭ ഘട്ടത്തിലാണ്. |
| (ബി) | ഇനിയും പൂർത്തീകരിക്കാനുള്ള പദ്ധതികൾ ഒറ്റപ്പാലം മണ്ഡലത്തിൽ ഉണ്ടെങ്കിൽ അവ ഏതെല്ലാം; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | ആർദ്രം പദ്ധതിയുടെ ഭാഗമായി ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. ആർദ്രം പദ്ധതി ഒന്നാം ഘട്ടം ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ ശ്രീകൃഷ്ണപുരം പി.എച്ച്.സിയെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്താൻ തിരഞ്ഞെടുക്കുകയും 8,10,000/-(എട്ട് ലക്ഷത്തി പതിനായിരം രൂപ) ചിലവഴിച്ച് ഒ പി കൗണ്ടർ, പ്രീ ചെക്കപ്പ് റൂം, ഫാർമസി നവീകരണം, ലാബ് സൗകര്യം, മുലയൂട്ടൽ റൂം മുതലായ അടിസ്ഥാന സൗകര്യങ്ങളും രോഗീ സൗഹൃദ അന്തരീക്ഷവും സൃഷ്ടിച്ച് സ്ഥാപനം കുടുംബാരോഗ്യകേന്ദ്രമായി പ്രവർത്തിച്ചു വരികയാണ്. ആർദ്രം പദ്ധതി മാർഗ്ഗരേഖ പ്രകാരം കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ നൽകി വരുന്ന എല്ലാ സേവനങ്ങളും ടി സ്ഥാപനത്തിൽ നൽകി വരുന്നു. ഇതിനായി ഒരു അസിസ്റ്റന്റ് സർജൻ, രണ്ട് സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ, ഒരു ഫാർമസിസ്റ്റ് എന്നീ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ആർദ്രം പദ്ധതി രണ്ടാം ഘട്ടം ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ പേരൂർ, എലമ്പുലാശ്ശേരി, പൂക്കോട്ടുകാവ് എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്താൻ തിരഞ്ഞെടുക്കുകയും പേരൂർ പി.എച്ച്.സി, എലമ്പുലാശ്ശേരി പി.എച്ച്.സി എന്നീ സ്ഥാപനങ്ങൾക്ക് 15 .5ലക്ഷം രൂപാ വീതവും പൂക്കോട്ടുകാവ് പി.എച്ച്.സിയ്ക്ക് 14 ലക്ഷം രൂപയും ആരോഗ്യകേരളം (NHM) വഴി അനുവദിക്കുകയും അതുവഴി ഒ പി കൗണ്ടർ, പ്രീ ചെക്ക് മുറി, ഫാർമസി നവീകരണം, ലാബ് സൗകര്യം, പ്രത്യേക മുലയൂട്ടൽ റൂം, ഒ പി റൂം നവീകരണം, രോഗീ സൗഹൃദ അന്തരീക്ഷം, എന്നീ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് നിലവിൽ ടി സ്ഥാപനങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളായി പ്രവർത്തിച്ചുവരുന്നു. കൂടാതെ ആർദ്രം പദ്ധതിയുടെ ഭാഗമായി പേരൂർ കുടുംബാരോഗ്യ കേന്ദ്രത്തിന് ഒരു അസിസ്റ്റന്റ് സർജൻ, ഒരു സ്റ്റാഫ് നഴ്സ് എന്നീ തസ്തികകളും പൂക്കോട്ടുകാവ് കുടുംബാരോഗ്യ കേന്ദ്രത്തിന് ഒരു അസിസ്റ്റന്റ് സർജൻ, രണ്ട് സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകളും എലമ്പുലാശ്ശേരി കുടുംബാരോഗ്യ കേന്ദ്രത്തിന് ഒരു സ്റ്റാഫ് നഴ്സ് തസ്തികയും സൃഷ്ടിച്ചിട്ടുണ്ട്. ആർദ്രം പദ്ധതി മൂന്നാം |

| | | | |
|---|---|---|---|
| | | | ഘട്ടം ആർദ്രം മൂന്നാം ഘട്ടത്തിൽ കോട്ടപ്പുറം തച്ചനാട്ടുകര, ലക്കിടി എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്താൻ തിരഞ്ഞെടുത്തിട്ടുണ്ട്. കൂടാതെ ഒറ്റപ്പാലം താലൂക്ക് ആശുപത്രിയിൽ ആർദ്രം പദ്ധതിയുടെ ഭാഗമായി ഒ.പി.ഡി ട്രാൻസ്ഫോർമേഷൻ പ്രവർത്തനങ്ങൾക്കായി 12723717/- (ഒരു കോടി ഇരുപത്തി ഏഴ് ലക്ഷത്തി ഇരുപത്തി മൂവായിരത്തി എഴുന്നൂറ്റി പതിനേഴ് രൂപാ മാത്രം) രൂപയുടെ പ്രവൃത്തിയ്ക്ക് അനുമതി നൽകിയിട്ടുണ്ട്. കോവിഡ് -19 പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിനായി സംസ്ഥാനത്തെ 140 നിയോജക മണ്ഡലങ്ങളിലും ഒന്ന് വീതം ഐസൊലേഷൻ വാർഡ് സ്ഥാപിക്കുന്ന പദ്ധതിയിൽ ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ കടമ്പഴിപ്പുറം സാമൂഹികാരോഗ്യ കേന്ദ്രത്തെ തിരഞ്ഞെടുത്തിട്ടുണ്ട്. ആയതിന്റെ പ്രവർത്തനങ്ങൾ പ്രാരംഭ ഘട്ടത്തിലാണ്. കൂടാതെ ആർദ്രം മിഷൻ, ആരോഗ്യ മേഖലയിൽ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങളും സേവനങ്ങളും നൽകുന്നതിനായി ഓരോ റവന്യൂ ബ്ലോക്കിൽ നിന്നും ഒരു സ്ഥാപനം വീതം തിരഞ്ഞെടുത്ത് ബ്ലോക്ക് തല കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്താൻ തീരുമാനിച്ചതിൽ ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ നിന്നും കടമ്പഴിപ്പുറം സാമൂഹികാരോഗ്യ കേന്ദ്രത്തെയാണ് തിരഞ്ഞെടുത്തിരിക്കുന്നത് ആയതിന് 37.5/-ലക്ഷം രൂപ അനുവദിച്ചിട്ടുമുണ്ട്. പ്രവർത്തനങ്ങൾ ആരംഭ ഘട്ടത്തിലാണ്. കൂടാതെ ഒറ്റപ്പാലം താലൂക്ക് ആശുപത്രി നവീകരണത്തിനായി KIIFB വഴി 13.63 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആർദ്രം മൂന്നാം ഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്താൻ ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ തിരഞ്ഞെടുത്ത പി.എച്ച്.സി, ലക്കിടി, പി.എച്ച്.സി തച്ചനാട്ടുകര, പി.എച്ച് സി കോട്ടപ്പുറം എന്നീ സ്ഥാപനങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ പ്രാരംഭ ഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ